# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 11

# വാർത്താക്കുറിപ്പ്

## എം.ഫിൽ പ്രവേശന പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ മാർച്ച് 13ന് നടത്താനിരുന്ന എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ പ്രവേശനപരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്. വിശദവിവരത്തിന് ഫോൺ: 0481 2732120.

(പി.ആർ.ഒ/39/369/2020)

## പരീക്ഷ മാറ്റി

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ മാർച്ച് 16 മുതൽ നടത്താനിരുന്ന ഒന്നാം വർഷ, അവസാന വർഷ ബി.എഫ്.എ. പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/370/2020)

## പരീക്ഷ തീയതി

ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ (സി.ബി.സി.എസ്. 2017 അഡ്മിഷൻ-പ്രൈവറ്റ് രജിസ്ട്രേഷൻ) മാർച്ച് 16ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/371/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 25 വരെ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/372/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ജിയോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/373/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്-റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/374/2020)

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, എം.എ. ആന്ത്രോപോളജി(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/375/2020)

2019 ജൂണിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ്(സി.എസ്.എസ്.- 2018-2020 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/376/2020)

## അപേക്ഷ തീയതി നീട്ടി

രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി(2016-2017 ബാച്ച്) പ്രോജക്ട് മൂല്യനിർണയത്തിനും വൈവ വോസി പരീക്ഷയ്ക്കും പിഴയില്ലാതെ മാർച്ച് 18 വരെയും 525 രൂപ പിഴയോടെ മാർച്ച് 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 23 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/377/2020)

## ഫോട്ടോ ക്യാപ്ഷൻ

**കൊറോണ പ്രതിരോധ-സുരക്ഷ മുൻകരുതലിന്റെ ഭാഗമായി എം.ജി. സർവകലാശാലയിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് സ്ഥാപിച്ച പ്രത്യേക പെട്ടിയിൽ വിദ്യാർഥികൾ അപേക്ഷ നിക്ഷേപിക്കുന്നു. മുൻകരുതലിന്റെ ഭാഗമായി സെക്ഷനുകളിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നത് സർവകലാശാല ഒഴിവാക്കിയിരുന്നു. നേരിട്ട് എത്താതെ ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനാണ് സർവകലാശാല നിർദേശിച്ചിട്ടുള്ളത്.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ